# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1584

## 14.07.2016-ലെ മറുപടിക്ക്

## ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും വർദ്ധിപ്പിക്കുന്നതിന് നടപടി.

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ്ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ശ്രീ. ഡോ.എൻ.ജയരാജ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക് |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും വർദ്ധിപ്പിക്കുന്നതിനായി എ.ടി.എം സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | സംസ്ഥാന ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്തുന്നതിന്റെ വിവിധ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം പ്രവർത്തനക്ഷമമായെങ്കിൽ മാത്രമേ ATM സ്ഥാപിക്കുന്നതു വഴി ഇടപാടുകാർക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. കോർ ബാങ്കിംഗ് പൂർത്തിയായാൽ മാത്രമേ ഒരു ട്രഷറിയിൽ അക്കൗണ്ട് ഉള്ളവർക്ക് എല്ലാ ട്രഷറിവഴിയും ഇടപാടുകൾ നടത്തുവാൻ സാധിക്കുകയുള്ളൂ.<br><br>G.O.(P)No.53/2016/Fin. Dated 25.4.2016 ഉത്തരവ് പ്രകാരം ട്രഷറികളിൽ കോർ-ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം ഈ വർഷം തന്നെ പ്രാവർത്തികമാക്കുന്നതാണ്. കോർ ബാങ്കിംഗ് നടപ്പിൽ വരുന്ന സാഹചര്യത്തിൽ, റിസർവ്വ് ബാങ്കിന്റെ അനുമതിയോടെ മറ്റ് ബാങ്കിംഗ് നെറ്റ് വർക്കുമായി ട്രഷറികളെ സംയോജിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | |
| (സി) | ട്രഷറികളെ മറ്റു ബാങ്കുകളുമായി കോർ ബാങ്കിംഗ് സംവിധാനത്താൽ ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;<br>വ്യക്തമാക്കുമോ; | |

സെക്ഷൻ ഓഫീസർ